**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **23-08-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി ഇൻഫോപാർക്കിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ പുതുതായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2021 മെയ് മുതൽ 2022 ജൂൺ വരെ ഇൻഫോപാർക്കിൽ 140 ൽ അധികം ഐ.ടി. കമ്പനികൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അപ്രകാരം 11500 ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊച്ചി ഇൻഫോപാർക്കിൽ നടന്നുവരുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇൻഫോപാർക്ക് കൊച്ചിയിൽ നിലവിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>ഇൻഫോപാർക്ക് ഒന്നാം ഘട്ടം</u><br><br>150 ഓളം കാറുകൾ പാർക്ക് ചെയ്യാവുന്ന കാർ പാർക്കിംഗ്.<br><br>തപസ്യ ഐ.ടി. മന്ദിരത്തിൽ 5750 ചതുരശ്ര അടി ഓഫീസ് സ്പേസുകൾ ഒരുക്കുന്ന പ്രവൃത്തി.<br><br>ഇൻഫോപാർക്കിന് മുമ്പിലൂടെ കടന്നു പോകുന്ന പൊതുമരാമത്ത് റോഡിന്റെ അരികുകൾ/ നടപ്പാതകളും മറ്റും നിർമ്മിച്ച് ആധുനിക രീതിയിൽ സൗന്ദര്യവൽക്കരിക്കുന്ന പദ്ധതി.<br><br><u>ഇൻഫോപാർക്ക് രണ്ടാം ഘട്ടം.</u><br><br>ജ്യോതിർമയ ഐ.ടി. മന്ദിരത്തിൽ 35000 ചതുരശ്ര അടി ഐ.ടി. സ്പേസുകൾ ഒരുക്കുന്ന പ്രവർത്തി.<br><br>ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിൽ പ്രവേശന കവാടം നിർമ്മിക്കുന്ന പ്രവൃത്തി.<br><br>ക്യാമ്പസിനുള്ളിലെ നടപ്പാതയും, പൊതു ഇടങ്ങളും സൗന്ദര്യ വൽക്കരിക്കുന്നതിനുള്ള പദ്ധതി.<br><br>ജ്യോതിർമയ ബഹുനില കാർ പാർക്കിംഗ് മന്ദിരത്തിൽ സോളാർ പ്ലാന്റോട് കൂടി മേൽക്കൂര സജ്ജമാക്കുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| (സി) | ഇൻഫോപാർക്കിലേക്കുള്ള റോഡുകളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | ഇൻഫോപാർക്ക് രണ്ടാം ഘട്ട പദ്ധതി പ്രദേശത്തേക്കുള്ള ഇടുങ്ങിയ പ്രധാന പാത സ്ഥലം ഏറ്റെടുത്ത് നാലുവരി പാതയാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | ഇൻഫോപാർക്കിലേക്ക് കമ്പനികളെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | (ബി) പിരിവിൽ പരാമർശിച്ചിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് പുറമേ ഇൻഫോപാർക്ക് ഒന്നാം ഘട്ട പദ്ധതി പ്രദേശത്ത് 2 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി ഐ.ടി. മന്ദിരം പണിയുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുവഴി പുതുതായി 3500 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കാനാണ് പദ്ധതിയിടുന്നത്. |

സെക്ഷൻ ഓഫീസർ